**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, പിൻ - 695035

ഫോൺ: 0471 2302490 ഫാക്സ് : 0471 2303025/20303080

ഇ-മെയിൽ : dhskerala.hlth@kerala.gov.in

വെബ്സൈറ്റ് : www.dhs.kerala.gov.in

നം. DHS/12098/2024-MC3 തീയതി: 26-06-2024

## <u>വിജ്ഞാപനം</u>

കേരളത്തിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള തലയോലപ്പറമ്പ് (കോട്ടയം) , പെരിങ്ങോട്ടുകുറിശ്ശി (പാലക്കാട്) , കാസർ ഗോഡ് സർക്കാർ ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്ററുകളിലും തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗക്കാർക്ക് മാത്രമായുള്ള സർക്കാർ ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്ററിലും 2024 ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന രണ്ട് വർഷം ദൈർഘ്യമുള്ള ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ് വൈഫറി (എ.എൻ.എം.) കോഴ്സിൽ പ്രവേശനം നേടുന്നതിന് പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷ പാസ്സായ പെൺകുട്ടികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ആകെ 120 സീറ്റുകളിലേക്കാണ് പ്രവേശനം. അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം. അപേക്ഷകർ ക്ക് 2 0 2 4 ഡിസംബർ 3 1ന് 1 7 വയസിൽ കുറയുവാനോ 3 5 വയസിൽ കൂടുവാനോ പാടില്ല. പിന്നാക്ക വിഭാഗക്കാർക്ക് 3 വയസും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് 5 വയസും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

അപേക്ഷാ ഫീസ് 200 രൂപ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ അപേക്ഷാ ഫീസായി 75 രൂപ അടച്ചാൽ മതിയാകും. അപേക്ഷാ ഫോമും വിശദമായ പ്രോസ്പെക്ടസും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (https://dhs.kerala.gov.in/) ലഭ്യമാണ്. വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷാ ഫീസ് 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ചതിന്റെ ഒറിജിനൽ ചലാൻ എന്നിവ സഹിതം 2024 ജൂലൈ 06 ന് വൈകുന്നേരം 5 മണിക്കകം ബന്ധപ്പെട്ട ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്റർ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാ മെഡിക്കൽ ഓഫീസുകൾ, ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Jayasree V
Date: 26-06-2024 14:59:27

DR. JAYASREE V

ADDITIONAL DIRECTOR OF

HEALTH SERVICES